**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5940** | **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് സംരംഭക മേഖലയിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ശ്രീ. മുരളി പെരുനെല്ലി, ശ്രീമതി ഒ എസ് അംബിക, ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് കൃഷി ചെയ്യുന്നതിനായി ഭൂമി പാട്ടവ്യവസ്ഥയിൽ നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഇല്ല. |
| (ബി) | പുതിയ ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുവാൻ പട്ടികജാതി യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് സംരംഭക നൈപുണ്യ വികസന മേഖലയിൽ പരിശീലനം നൽകുന്നതിനായി പ്രത്യേക നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിലേക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അധിലധികമോ അംഗങ്ങൾ ഉള്ള സ്വയം സഹായ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ മുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരാവയവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് കൂടാതെ വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലന പരിപാടിയും നടപ്പിലാക്കി വരുന്നു. വിവരസാങ്കേതികം, ഇലക്ട്രിക്കൽ ആന്റ് ആട്ടോ മൊബൈൽ എഞ്ചിനീയറിംഗ് ടെക്സ്റ്റൈൽസ് ഡിസൈനിംഗ്, ആയുർവേദ നഴ്സിംഗ്, പഞ്ചകർമ്മ |

| | | | |
|---|---|---|---|
| | | | ഫാർമസി, യോഗ ഇൻസ്ട്രക്ടർ, സ്പാ തെറാപി തുടങ്ങിയ പരിശീലനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനവും ഉൾപ്പെടെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ